കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി.3/1938/18

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി 28/2/19

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക്പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക

യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-3/1938/18 തീയതി.28/2/2019

## കൊല്ലംജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികമ്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-11-2017. മുതൽ 3-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-11-2018 മുതൽ 28-11-2018. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.സിജാറാണി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സി.ചന്ദ്രപ്രകാശ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അരുണാദേവി.എസ്. | 01.04.2017 മുതൽ<br>31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീആർ.ബാലചന്ദ്രൻനായർ | 01-04-2017മുതൽ<br>31-07-2017 വരെ |
| | ശ്രീമതി.ഷീലമ്മ (അഡീഷണൽ ചാർജ്ജ്) | 01-08-2017മുതൽ<br>25-10-2017 FN വരെ |
| | ശ്രീമതി.ബീനാകുമാരി.റ്റി | 25.10.2017. AN മുതൽ<br>31-03-2018. വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.അശോക് കുമാർ | 01.04.2017 മുതൽ<br>19.11.2017 FN വരെ |
| | ശ്രീമതി.മാധുരി.കെ.ജി. | 19.11.2017 AN മുതൽ<br>31-03-2018വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. | ശ്രീ.ജോൺ ജോസഫ് | 01-04-2014മുതൽ |

| | | |
|---|---|---|
| | | 12-06-2017 FN വരെ |
| | ശ്രീമതി.നിർമ്മല ജോർജ്ജ് | 12-06-2017 AN മുതൽ<br>10-11-2017 FN വരെ |
| | ശ്രീ.ലിജ്ജ ജോൺ | 10-11-2017AN മുതൽ<br>31-03-2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. നസീറാ ബീവി.എം | 01-04-2017മുതൽ<br>31-03-2018.വരെ |
| മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി,കടയ്ക്കൽ. | ഡോ.ബിന്ദു ഏണസ്റ്റ് | 01-04-2017മുതൽ<br>18-07-2017 FN വരെ |
| | ഡോ.രാകേഷ്.എം.വി | 18-07-2017 AN മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ,നിലമേൽ.സി.എച്ച്.സി | ഡോ.മനേഷ് മോഹൻ | 01-04-2017മുതൽ<br>28-02-2018 FNവരെ |
| | ഡോ.ഡിരാജ് കാട്ടൂർ | 28-02-2018 AN മുതൽ<br>31-03-2018 വരെ |
| പട്ടികജാതി വികസന ഓഫീസർ. | ശ്രീ.എബി എബ്രഹാം | 01-04-2017മുതൽ<br>31-05-2017വരെ |
| | ശ്രീ.ഹരിദാസ് | 01-06-2017മുതൽ<br>16-06-2017 FN വരെ |
| | ശ്രീ.അജികുമാർ | 16-06-2017 AN |

| | | |
|---|---|---|
| | | മുതൽ<br>07-10-2017 FN<br>വരെ |
| | ശ്രീ.ജോൺ മാത്യു | 07-10-2017 AN<br>മുതൽ<br>31-03-2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.പൗർണ്ണമി.സി.വി | 01-4-2017 മുതൽ<br>31-03-2018വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.എം.എസ്.ബിജു | 01-4-2017 മുതൽ<br>31-03-2018വരെ |
| സി.എച്ച്.സി,വെളിനെല്ലൂർ | ഡോ.കെ.ശശി | 01-4-2017 മുതൽ<br>31-03-2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക. | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം 2 | |
| 13 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫാറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-1 |
| 14 | രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 2-2 |
| 15 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കടമുറികളുടെ വാടക ഈടാക്കുന്നില്ല. | 2-3 |
| | ഭാഗം 3 | |
| 16 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണമായി ബന്ധപ്പെട്ട് കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുള്ള തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-98,39,270 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 17 | ഖാദി ബോർഡ് യൂണിറ്റുകൾക്ക് ചർക്ക വാങ്ങൽ പദ്ധതി - നൂൽ നൂൽക്കൽ ആരംഭിച്ചില്ല. | 3-2 |
| 18 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. | 3-3 |
| 19 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല-6,00,000 രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 20 | സി.എച്ച്.സി കെട്ടിടങ്ങളുടെ റീ വയറിംഗ്-പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 21 | ലൈഫ് പദ്ധതികളിലുൾപ്പെട്ട വീടുകൾ പൂർത്തീകരിച്ചിട്ടില്ല. | 3-6 |
| 22 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതികൾ - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.. | 3-7 |
| 23 | ചെലവുരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-8 |

| | | |
|---|---|---|
| 24 | ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-9 |
| 25 | വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-10 |
| | ഭാഗം-4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | സാക്ഷ്യപത്രം-2017-18 | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-017തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-017 | 31-05-2018 | ---- | ---- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 21-06-18 | കെ.എസ്.എ.കെ.എൽ.എം-പി-3/1195/18 തീ.30-06-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8,81,96,854 |
| വരവ് | 14,68,27,090 |
| ആകെ | 23,50,23,944 |
| ചെലവ് | 18,73,97,548 |
| നീക്കിയിരിപ്പ് | 4,76,26,396 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 5,28,76,329 | 5,28,76,329 | 3,40,62,155 | 1,88,14,174 |
| വികസന ഫണ്ട്-എസ്. | 0 | 2,15,16,000 | 2,15,16,000 | 2,15,16,000 | 0 |

| | | | | | |
|---|---|---|---|---|---|
| സി. പി (ACR പ്രകാരം) | | | | | |
| വികസന ഫണ്ട് -ടി.എസ്. പി (ACR പ്രകാരം) | 0 | 4,46,000 | 4,46,000 | 4,46,000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 64,61,000 | 64,61,000 | 43,57,854 | 21,03,146 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കെ.എൽ. എസ്. ജി.ഡി. പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 0 | 0 | 0 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | വാർഷിക ധനകാര്യ പത്രികയിൽ തുക ഉൾപ്പെട്ടിട്ടില്ല | | | | |
| ഐ.എ.വൈ | | 1,36,56,588 | 4,56,63,910 | 5,93,20,498 | 2,29,90,818 | 3,63,29,680 |
| WGDP | | 2,17,656 | 0 | 2,17,656 | 8,319 | 2,25,975 |
| SGSY | | 7,602 | 290 | 7,892 | 0 | 7 892 |
| TSC | | 37 17 055* | 1 79 567 | 38 96 622 | 0 | 38 96 622 |
| HARIYALI | | 16 64 571 | 63 620 | 17 28 191 | 0 | 17 28 191 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 1,11,35,401 | 20,87,012 | 1,32,22,413 | 1,32,22,413 | 0 |
| | ജില്ലാ പഞ്ചായത്ത് | 2,40,72,453 | 1,47,66,032 | 3,88,38,485 | 2,40,72,453 | 1,47,66,032 |
| ബി ഫണ്ട് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 0 | 0 | 0 | 0 | 0 |
| | ട്രഷറി അ | 2,20,51,457 | 35,82,000 | 2,56,33,457 | 2,21,76,320 | 34,57,137 |

| | | | | | | |
|---|---|---|---|---|---|---|
| | ക്കൗണ്ട് | | | | | |

*2016-17 സാമ്പത്തികവർഷത്തിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകയാണ് മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 14,71,03,791 | 87 | 7,92,67,071 | | 19 | 82 |

## 1-7 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രികയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-11-018-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

1.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

2.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത്

ദിവസത്തെ വരവുകൾ കൃത്യമായി ഡെ ബുക്കിൽ എൻട്രി വരുത്തുന്നില്ല.

3.മാന്വൽ രസീത് നൽകുന്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല. സാംഖ്യ രസീതുകളെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

4.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്.

5.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6.രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

7.ചെലവു വൗച്ചറുകളിൽ വിവരിക്കുന്ന ചെലവുകൾക്കനുബന്ധമായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

8.ചെലവുകൾ കണക്കിലുൾ പ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധന ച്ചെലവെന്നും റവന്യൂ ചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

9.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-10-2018 | 07/18 മുതൽ 09/18 വരെ | റിപ്പോർട്ട് ലഭിച്ചിട്ടല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-10-2014 മുതൽ 06-02-2014 വരെ | 2010-11 മുതൽ 2012-13 വരെ | 11-03-2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.B-11(a) capital work in progress തുകയിൽ (96,85,033)ബ്ലോക്ക് ഓഫീസ് അനുബന്ധസൗകര്യം എന്ന പദ്ധതിയുടെ തുകയായ 10,54,912/-രൂപ ഉൾപ്പെട്ടിട്ടില്

2.കെട്ടിട വാടകയിനത്തിൽ 1മുതൽ 6 വരെയുള്ള കടമുറികളുടെ വാടക ഡിമാന്റ് ചെയ്ത് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

3.തൻവർഷം ലോണിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 65,51,164/-രൂപ വരവ് കാണിച്ചിട്ടുണ്ടെങ്കിലും ടി യിനത്തിൽ തൻവർഷം വരവില്ല.

4.ബ്ലോക്ക് പഞ്ചായത്ത് പി.എം.എ.വൈ പദ്ധതിക്കായി പ്ലാൻഫണ്ടിൽ നിന്നും ചെലവഴിച്ച തുക തൻവർഷം സംയുക്ത പദ്ധതിക്കായി ബ്ലോക്ക് വിഹിതമായി ലഭിച്ച വരവായി വീണ്ടും ഉൾപ്പെടുത്തിയിരിക്കുന്നു.

5.TSC ഫണ്ടിന് ലഭിച്ച പലിശ വരവ് ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫാറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ് ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫാറം വില ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കവരുത്തിയിട്ടുള്ളത്. 2015-16, 2016-17, 2017-18 വർഷങ്ങളിൽ താഴെക്കൊടുത്തിരിക്കുംപ്രകാരം ടെണ്ടർ ഫാറം വില ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കവരുത്തിയിട്ടുണ്ട്.

| ക്ര.നം | സാമ്പത്തിക വർഷം | തുക |
|---|---|---|
| 1 | 2015-16 | 86,730 |
| 2 | 2016-17 | 1,47,700 |
| 3 | 2017-18 | 1,48,140 |
| | ആകെ | 3,82,570 |

ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കവരുത്തിയിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ് ഫർ ക്രെഡിറ്റ് ചെയ്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ((07, 26-11-2018) 2015-16,2016-17 സാമ്പത്തിക വർഷങ്ങളിലെ തുകയായ 2,34,430 രൂപ അസി.

എക്സി. എഞ്ചിനീയറുടെ ചടയമംഗലം ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 22-11-2018 ൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായും ബാക്കി തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി നല്കി.

അസി. എക്സി. എഞ്ചിനീയറുടെ ചടയമംഗലം ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 22-11-2018 ൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള 2,34,430 രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും, അവശേഷിക്കുന്ന തുക ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 2-2 <u>രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ</u>

രസീത് വരവ് പരിശോധനയിൽ ശ്രദ്ധയൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ.(എം.എസ്) 246/2011 ത.സ്വ.ഭ.ള 13.10.2011 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാകുന്ന ഓരോ പണമിടപാടിനും കൈപ്പറ്റ് രസീത് നൽകേണ്ടതാണ് എന്നിരിക്കെ ഈ സ്ഥാപനത്തിൽ വിവിധ ഇനങ്ങളിലെ വരവുകൾക്ക് സാംഖ്യാ രസീത് നൽകുന്നില്ല. പകരം മാന്വൽ രസീത് നൽകുകയാണ് ചെയ്യുന്നത്

2.മാന്വൽ രസീത് നൽകി കളക്ട് ചെയ്യുന്ന ചെക്ക്/കാഷ് തുക ട്രഷറി/തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കുന്നുവെങ്കിലും അതാത് ദിവസത്തെ ഡേ ബുക്കിൽ ചേർക്കുന്നില്ല പകരം ബാങ്ക് ബുക്കിൽ ചേർക്കുകയാണ് ചെയ്യുന്നത് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | വരവ് ഇനം/ പേര് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 11.10.2017 | ശ്രീമതി.സുഹറാ ബീവി<br>ഐ.എ.വൈ തുക തിരികെ അടച്ചത് | 49,500 | തുക തൊട്ടടുത്ത ദിവസം ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ വരവ് ആയി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 1.11.2017ൽ |

| | | | | |
|---|---|---|---|---|
| | | | | വരവ് രേഖപ്പെടുത്തി യിട്ടുണ്ട് |
| 2 | 30.10.2017 | സെക്രട്ടറി, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | 3,44,264 | തുക തൊട്ടടുത്ത ദിവസം ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ വരവ് ആയി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 1.11.2017ൽ വരവ് രേഖപ്പെടുത്തി യിട്ടുണ്ട് |
| 3 | 08.11.2017 | സെക്രട്ടറി, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | 55,701 | തുക തൊട്ടടുത്ത ദിവസം ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ വരവായി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 17.11.2017ൽ വരവ് രേഖപ്പെടുത്തി യിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 4 | 06.12.2017 | 06.12.2017 മുതൽ 08.12.2017 വരെ വിവിധ ടെണ്ടർ ഫോം വരവായി വന്ന രസീത് നമ്പർ 5 മുതൽ 22 വരെ മാന്വൽ രസീതായി (ബുക്ക് നമ്പർ 296 ൽ) കള്ക്ട് ചെയ്ത തുക | 68,712 | തുക 08.12.2017ൽ ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ വരവ് ആയി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 15.12.2017ൽ വരവ് രേഖപ്പെടുത്തി യിട്ടുണ്ട് |
| 5 | 17.01.2018 | 17.01.2018 മുതൽ .20.03.2018 വരെ വരെ വിവിധ ടെണ്ടർ ഫോം വരവായി വന്ന രസീത് നമ്പർ 23 മുതൽ 25 വരെ മാന്വൽ<br>രസീതായി<br>(ബുക്ക് നമ്പർ 296 ൽ) കള്ക്ട് ചെയ്ത തുക | 2,688 | തുക 20.03.2018ൽ ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ വരവ് ആയി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 29.03.2018ൽ വരവ് രേഖ പ്പെടുത്തി യിട്ടുണ്ട് |
| 6 | 06.02.2018 | ശ്രീമതി.ശകുന്തള ഐ.എ.വൈ ഭവന നിർമ്മാണം<br>തുക<br>തിരിച്ചടവ് | 40,000 | തുക തൊട്ടടുത്ത ദിവസം ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ |

| | | | | |
|---|---|---|---|---|
| | | | | വരവ് ആയി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 15.12.2018ൽ വരവ് രേഖ പ്പെടുത്തി യിട്ടുണ്ട് |
| 7. | 12.02.2018 | ശ്രീ.അഭിലാഷ് മാധവൻ വ്യവസായ എസ്റ്റേറ്റ് വാടക | 75,264 | തുക തൊട്ടടുത്ത ദിവസം ട്രഷറിയിൽ അടവാക്കി യെങ്കിലും ഡേ ബുക്കിൽ ദിവസ വരവ് ആയി കാണിച്ചിട്ടില്ല പകരം ബാങ്ക് ബുക്കിൽ 15.12.2018ൽ വരവ് രേഖപ്പെടുത്തി യിട്ടുണ്ട് |
| 8 | 12.02.2018 | സെക്രട്ടറി, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | 85,501 | |

മാന്വൽ രസീത് ബുക്കിൽ 1 മുതൽ 4 വരെ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ സൂക്ഷിച്ചിരിക്കുന്നു തുടർന്ന് ഒറിജിനൽ രസീതുകളും സൂക്ഷിച്ചിരിക്കുന്നു. ഡബിൾ സൈഡഡ് കാർബൺ ഷീറ്റ് ഉപയോഗിക്കുന്നില്ല. കാൻസൽ ചെയ്യുന്ന രസീത് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണംനൽകേണ്ടതും ഇത്തരം അപാകതകൾ

ആവർത്തിക്കാതിരിക്കേണ്ടതും അതാത് ദിവസം ലഭ്യമാകുന്ന തുകകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്ത് രസീത് നൽകേണ്ടതുമാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 10/ 27.11.2017 |

## 2-3 ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കടമുറികളുടെ വാടക ഈടാക്കുന്നില്ല.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ നിലമേലിൽ ഒരു മിനിവ്യവസായകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. എട്ട് യൂണിറ്റുകളാണ് ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നത്. 1 മുതൽ 6 വരെ യൂണിറ്റുകളിൽ ശ്രീ.അഭിലാഷ് മാധവന്റെ സ്ഥാപനങ്ങളും 7,8 കടമുറികളിൽ ശ്രീ.ആർ.എസ്. ലാൽ എന്നയാളുടെ വ്യവസായ യൂണിറ്റും പ്രവർത്തിക്കുന്നു. ഈ വിഷയം കൈകാര്യം ചെയ്യുന്ന ഫയൽ പരിശോധിച്ചതിൽ വാടക പരിവിന്റെ അവകാശം സംബന്ധിച്ച് ജില്ലാ പഞ്ചായത്തുമായി കത്തിടപാടുകൾ നടത്തിവരുന്നതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.11.2016 ലെ ബി- 3329/2016 ാം നമ്പർ കത്തിൽ മിനി വ്യവസായ എസ്സ്റ്റേറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലാണെന്ന് ഭരണസമിതി തീരുമാനമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വ്യവസായ യൂണിറ്റുകളുടെ വാടക ഈടാക്കുന്നതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.രണ്ട് വാടകക്കാരുമായും എഗ്രിമെന്റ് ചമച്ചിട്ടില്ല.

2.1മുതൽ 6 വരെയുള്ള കടമുറികളിൽ നിന്ന് 2015-2016 വരെ 79,200 രൂപ വാടക ഈടാക്കാൻ ശേഷിക്കുന്നു.

3.2016-2017 മുതൽ നാളിതുവരെയുള്ള വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ജില്ലാ പഞ്ചായത്തുമായി ചർച്ച നടത്തി വാടക ഈടാക്കുന്നതിൽ വ്യക്തത വരുത്തേണ്ടതും രണ്ട് വാടകക്കാരുമായും എഗ്രിമെന്റ് ചമക്കേണ്ടതും വാടക രജിസ്റ്റർ പരിപാലിച്ച് കുടിശ്ശിക വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

| | |
|---|---|
| എൻക്വയറി നം/ | 10/ |

| തീയതി | 27.11.2018 |
|---|---|

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണമായി ബന്ധപ്പെട്ട് കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല,98,39,270 രൂപാ തടസ്സപ്പെടുത്തുന്നു.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണമായി ബന്ധപ്പെട്ട് കേരളാ വാട്ടർ അതോറിറ്റി/കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ താഴെക്കൊടുത്തിരിക്കും പ്രകാരം തുകകൾ ഒടുക്കിയിട്ടിട്ടുണ്ട്.

| ക്ര.നം | പ്രോജക്റ്റ് | ബിൽ നം | തുക |
|---|---|---|---|
| 1 | പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി 127/18) (കേരളാ വാട്ടർ അതോറിറ്റി) | 43/17-18, 14-2-18 | 11,00,000 |
| 2 | എസ് സി കോളനികളിൽ കുടി വെള്ള പദ്ധതി (80/18) | 18/17-18, 14-11-17<br>39/17-18, 13-03-18 | 60,00,000<br>12,00,000 |
| 3 | ആനപ്പാറ ഈട്ടിവിള കോളനി കുടിവെള്ള പദ്ധതി (80/18) | 42/17-18, 13-03-18 | 6,00,000 |
| 4 | കൊച്ചരിപ്പ കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (111/18) | 47/17-18, 23-03-18 | 85,714 |
| 5 | നിലമേൽ പഞ്ചായത്തിലെ പുലിക്കോട് കോളനി കുടിവെള്ള പദ്ധതി( 23/18) | 2/17-18, 10-07-17 | 2,50,000 |
| 6 | വണ്ടിപ്പുര ചൂരേലി ക്കോണം കോളനി (24/18) | 3/17-18, 10-07-17 | 2,50,000 |
| 7 | കൊച്ചരിപ്പ സൊസൈറ്റി ജംഗ്ഷൻ കുടിവെള്ള പദ്ധതി (13/18) | 41/17-18, 13-03-18 | 3,53,556 |
| | | ആകെ | 98,39,270 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ലാത്തതിനാൽ കേരളാ വാട്ടർ അതോറിറ്റി/ കേരളാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കൊല്ലം ജില്ലാ ഓഫീസ് എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള 98,39,270 രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ബന്ധപ്പെട്ട സ്ഥിരം സമിതികൾ, മോണിട്ടറിംഗ് സമിതി , ഭരണസമിതി എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി 98,39,270 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-2** ഖാദി ബോർഡ് യൂണിറ്റുകൾക്ക് ചർക്ക വാങ്ങൽ പദ്ധതി - നൂൽ നൂൽക്കൽ ആരംഭിച്ചില്ല.

വ്യവസായ വികസന ഓഫീസർ 2017-2018 വർഷം നിർവ്വഹണം നടത്തിയ ഖാദി ബോർഡ് യൂണിറ്റുകൾക്ക് ചർക്ക വാങ്ങൽ പദ്ധതിയിൽ ചർക്ക വാങ്ങി ട്രയൽ റൺ നടത്തിയിട്ടും ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | | | എസ്.069/2018 |
| അടങ്കൽ | | | 16,25,000/- |
| ചെലവ് | ബിൽ നം-സി.ബി.01/2017-'18 തീയതി. 23.03.2018 | 2,21,457 | 16,22,537/- |
| | ബിൽ നം-സി.ബി.02/2017-'18 തീയതി. 28.03.2018 | 10,46,750 | |
| | ബിൽ നം-സി.ബി.03/2017-'18 തീയതി. 28.03.2018 | 1,77,165 | |

| | | | |
|---|---|---|---|
| | ബിൽ നം-സി.ബി.04/2017-'18<br>തീയതി.<br>03.2018 | 1,77,165 | |

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഖാദി ബോർഡ് സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി 2017-2018 സാമ്പത്തികവർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഒരു യൂണിറ്റിന് 25,000 രൂപ നിരക്കിൽ 65 ചർക്ക റേറ്റ് കോൺട്രാക്കുള്ള കെ.ബി.വി.ഐ അംഗീകരിച്ച സ്ഥാപനങ്ങളിൽനിന്നും ചിതറ, ചടയമംഗലം, കരിങ്ങന്നൂർ എന്നീ കേന്ദ്രങ്ങളിൽനിന്നും നേരിട്ട് വാങ്ങി നൽകുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.07.02.2018ലെ കെ.2179/2017/ഖാദി നമ്പർ കത്ത് പ്രകാരം ജില്ലാ ഖാദി വ്യവസായ ഓഫീസർ 150 എസ്. കൗണ്ട് ഉള്ള ഖാദി നൂൽ ഉൽപാദിപ്പിക്കാൻ കഴിയുന്ന 8 സ്പിൽ ചർക്കകൾ ആയിരിക്കണം ചിതറ, ചടയമംഗലം, കരിങ്ങന്നൂർ യൂണിറ്റുകളിലേക്ക് വാങ്ങി നൽകേണ്ടത് എന്ന് അറിയിച്ചിരുന്നുവെങ്കിലും അത് റേറ്റ് കോൺട്രാക്ടിൽ ലഭ്യമല്ലാത്തതിനാൽ പർച്ചേസിംഗ് കമ്മിറ്റിയുടെയും ഖാദി വ്യവസായ ഓഫീസറുടെയും സംയുക്ത തീരുമാനപ്രകാരം കട്ടിയുള്ള നൂൽ ഉൽപാദിപ്പിക്കുന്ന കൗണ്ട് കുറവായ 100എസ് സ്പിൽ ചർക്കകളാണ് വാങ്ങിയത്. കെ.ബി.വി.ഐ അംഗീകരിച്ച സ്ഥാപനങ്ങളിൽ ഇ.ടെണ്ടർ വഴി 150 എസ്. കൗണ്ട് ഉള്ള ഖാദി നൂൽ ഉൽപാദിപ്പിക്കാൻ കഴിയുന്ന 8 സ്പിൽ ചർക്കകൾ വാങ്ങുന്നതിന് ശ്രമിച്ചിരുന്നുവെങ്കിൽ വിപണി മൂല്യം കൂടുതലുള്ളതും കട്ടി കുറഞ്ഞതുമായ നൂൽ ഉൽപാദിപ്പിക്കാമായിരുന്നു.

2.ഖാദി ഗ്രാമ വ്യവസായ ബോർഡ് തിരുവനന്തപുരത്തിന്റെ 21.12.2017 ലെ കെ.ബി.875/2017/കെ.5 നമ്പർ ഉത്തരവ് പ്രകാരം ഖാദി ഗ്രാമ സരഞ്ജം ഉദ്പാദൻ കേന്ദ്ര, അഹമ്മദാബാദിൽ നിന്ന് ചർക്ക വാങ്ങുമ്പോൾ ആകെ വിലയുടെ 30% മുൻകൂറായും 60% തുക ചർക്കകൾ കൈമാറിയതിനു ശേഷവും 10% ട്രയൽ റൺ നടത്തിയതിനുശേഷവും മാത്രമേ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കെ മുഴുവൻ തുകയായ 10,46,750 രൂപയും ബിൽ നം-സി.ബി.02/2017-'18 തീയതി. 28.03.2018 മുൻകൂറായി നൽകിയിരിക്കുന്നു.

3.ട്രയൽ റൺ നടത്തിയ കരിങ്ങന്നൂർ യൂണിറ്റിൽ ചർക്കകൾ കൈമാറ്റം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

28.11.2017 വ്യവസായ വികസന ഓഫീസർ ശ്രീ.ടോണിയുടെ സാന്നിദ്ധ്യത്തിൽ കരിങ്ങന്നൂർ യൂണിറ്റിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നിലവിൽ തൊഴിലാളികൾ 150 എസ്. കൗണ്ടുള്ള ചർക്കകൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതായി കണ്ടു. ട്രയൽ റൺ നടത്തിയ 100 എസ് ചർക്കകൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മറ്റ് യൂണിറ്റുകളിൽ ട്രയൽ റൺ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-2018 സാമ്പത്തികവർഷം തന്നെ തുക ചെലവഴിക്കേണ്ടതിനാലാണ് തുക മുൻകൂർ നൽകിയതെന്നും എല്ലാ സ്ഥാപനങ്ങളിലും ട്രയൽ റൺ നടത്തി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെന്നും പർച്ചേസിംഗ് കമ്മിറ്റിയുടെയും ഖാദി വ്യവസായ ഓഫീസറുടെയും സംയുക്ത തീരുമാനപ്രകാരമാണ് 100 എസ് സ്പിൽ ചർക്കകൾ വാങ്ങിയതെന്നും കൂടാതെ ഖാദി ബോർഡിന്റെയും കമ്മിറ്റിയുടെയും സംയുക്ത തീരുമാനപ്രകാരം ഡിസംബർ 2018 ൽ ചർക്കകൾ കൈമാറ്റം നടത്തി പ്രവർത്തനമാരംഭിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വാങ്ങൽ നടപടികളിലെ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും സർക്കാർ ഉത്തരവു പ്രകാരമുള്ള വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ചർക്കകൾ കൈമാറ്റം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച തുക രൂപ 16,22,537 തടസ്സപ്പെടുത്തുന്നു. പ്രവർത്തനം ആരംഭിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 11/<br>28.11.2018 |
| തടസ്സപ്പെടുത്തിയ തുക | 16,22,537/- |

## 3-3 <u>കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.</u>

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പ്രധാന ഉപജീവന

മാർഗമാണ് കൃഷി. കാർഷിക മേഖലയിലെ അതീവ ഗുരുതരമായ പ്രശ്നങ്ങളാണ് കാലാവസ്ഥാ വ്യതിയാനവും തൊഴിലാളികളുടെ ദൗർലഭ്യവും (തത്സ്ഥിതി റിപ്പോർട്ട്) പ്രദേശത്തെ കാർഷിക മേഖലയെ പിന്നോട്ടടിക്കുന്ന പ്രശ്നത്തിന് പരിഹാരമായി അന്തിമപദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെട്ടിരുന്നു..

| ക്ര.നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 96 | ഹരിതോദ്യാനം | 48,00,000 |
| 2 | 97 | കേര രക്ഷാ പദ്ധതി | 16,50,000 |
| 3 | 100 | മാതൃകാ ഇരട്ടവാഴ ഫെർട്ടിഗേഷൻ തോട്ടം | 12,00,000 |
| | | ആകെ അടങ്കൽ തുക | 76,50,000 |

2017-18 സാമ്പത്തികവർഷത്തിൽ ടി പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. പ്രദേശത്തിന് അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. കൃഷിയും അനുബന്ധമേഖലകളും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്ഥിരംസമിതി, മോണിറ്ററിംഗ് സമിതി എന്നിവയുടെ ഫലപ്രദമായ ചുമതലാനിർവ്വഹണം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-4 <u>സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല, 6,00,000 രൂപ തടസ്സപ്പെട്ടുത്തുന്നു</u>

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സംയുക്ത പ്രോജക്ടുകൾക്കായി താഴെക്കൊടുത്തിരിക്കും പ്രകാരം തുക ഗ്രാമ /ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്

| ക്ര.നം | പ്രോ ജക്ട് | തുക സ്വീകരിച്ച സ്ഥാപനം | ബില്ല് നം തീയതി | തുക |
|---|---|---|---|---|
| 1 | എ ബി സി പ്രോജക്ട് ബ്ലോക്ക് വിഹിതം നല്കൽ (15/18) | ജില്ലാ പഞ്ചായത്ത് | 05/ 17-18,തീ 19-08-17 | 3,00,000 |
| 2 | ഗാർഹിക കിണറുകൾ റീ ചാർജ്ജിംഗ് (16/18) | ചടയമംഗലം ഗ്രാമപഞ്ചായത്ത് | 4/ 17-18,തീ 27-07-17 | 75,000 |
| 3 | ഗാർഹിക കിണറുകൾ റീ ചാർജ്ജിംഗ് (16/18) | ചടയമംഗലം ഗ്രാ. പഞ്ചായത്ത് | 46/ 17-18,തീ 16-03-18 | 24,000 |
| 4 | ഗാർഹിക കിണറുകൾ റീ ചാർജ്ജിംഗ് (16/18) | ചടയ മംഗലം ഗ്രാ. പഞ്ചായത്ത് | 32/ 17-18,തീ 14-02-18 | 51,000 |
| 5 | ഗാർഹിക കിണറുകൾ റീ ചാർജ്ജിംഗ് (16/18) | ചിതറ ഗ്രാ. പഞ്ചായത്ത് | 32/ 17-18,തീ 14-02-18 | 1,50,000 |
| | | | | 6,00,000 |

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017). പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ബ്ലോക്ക് പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1. സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവസ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതലയോഗം ചേരേണ്ടതാണ് | ജില്ലാതല യോഗം ചേർന്നിട്ടില്ല. |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 5.ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | രേഖകൾ ലഭ്യമാക്കി യിട്ടില്ല |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീ കരിക്കുകയോ നടപടിക്രമം പാലിക്കുകയോ ചെയ്തിട്ടില്ല. |
| 7.സംയുക്ത പ്രോജക്ടുകളിൽ | രേഖകൾ |

| | |
|---|---|
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | ലഭ്യ മാക്കിയിട്ടില്ല |
| 8.സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | സമയക്രമം പാലിച്ചിട്ടില്ല. |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | നടപടി ക്രമം പാലിച്ചിട്ടില്ല. |

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും 6,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മോണിറ്ററിംഗ് സമിതി, സ്ഥിരം സമിതി എന്നിവരുടെ കൃത്യമായ വിലയിരുത്തൽ ഉണ്ടാകാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. പൂർത്തീകരണവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 സി.എച്ച്.സി കെട്ടിടങ്ങളുടെ റീ വയറിംഗ്-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | | എസ് .085/2017-2018 |
| പേര് | | സി.എച്ച്.സി കെട്ടിടങ്ങളുടെ റീവയറിംഗ് |
| ഫണ്ട് | | മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) |
| അടങ്കൽ | | 4,00,000 |
| ചെലവ് | ബിൽ | 04/2017-2018 |

| | | |
|---|---|---|
| | നമ്പർ | തീയതി-<br>15.03.2018 |
| | തുക | 3,10,000/- |

ഈ പദ്ധതി പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് വൈദ്യുതവിഭാഗം തിരുവനന്തപുരത്തിന്റെ ഇ.എസ്.റ്റി/2018/66 നമ്പർ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി നിർവ്വഹണത്തിനായി 3,10,000 രൂപ സബ്ട്രഷറി നിലമേലിൽ 17.03.2018 ലെ കെ.എൽ011868701201718എം നമ്പർ ചലാൻ പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് അത്യാവശ്യം ലഭ്യമാക്കേണ്ടതും അടിയന്തിര പ്രാധാന്യമർഹിക്കുന്നതായിട്ടും നാളിതു വരെയും പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ,തീയതി | 09/ 26.11.2018 |
| തടസ്സപ്പെടുത്തിയ തുക | 3,10,000/- |

## 3-6 ലൈഫ് പദ്ധതികളിലുൾപ്പെട്ട വീടുകൾ പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ 2017-2018 വർഷം നിർവ്വഹണം നടത്തിയ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | | | എസ്.0128/2018 |
| അടങ്കൽ | | | 47,91,333 |
| ചെലവ് | ബിൽ നം-സി.ബി.06/2017-'18 തീയതി. 15.03.2018 | 5,10,000 | 8,00,000 |
| | ബിൽ നം-സി.ബി.09/2017-'18 | 2,90,000 | |

| | | | |
|---|---|---|---|
| | തീയതി.<br>27.03.2018 | | |

2008-2009 മുതൽ 2015-2016 വരെ വിവിധ ഭവന നിർമ്മാണ പദ്ധതിയിലേർപ്പെട്ടുകയും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നതുമായ 16 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായിരുന്ന 2017-2018 സാമ്പത്തികവർഷം കരാർ ചമച്ചിരുന്നത്. എന്നാൽ 12 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 4 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് | തുക |
|---|---|---|
| 1 | ശ്രീമതി സുഖലത,<br>ബ്ലോക്ക് നമ്പർ 7,<br>മഹാഗണി,മടത്തറ | 30,000 |
| 2 | ശ്രീമതി മഞ്ജു,<br>ചരുവിള പുത്തൻവീട്,<br>ചിങ്ങേലി,കടയ്ക്കൽ | 30,000 |
| 3 | ശ്രീമതി ഉഷ,<br>ഊട്ടിവിളവീട്,<br>തൃക്കണ്ണാപുരം, കുമ്മിൾ | 30,000 |
| 4 | ശ്രീ രാജു,<br>നസീം മൻസിൽ,<br>കുന്നുംപുറത്തുവീട്,<br>കോട്ടൂർക്കോണം. | 60,000 |
| ആകെ | | 1,50,000 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിലേക്കായി നൽകിയ എൻക്വയറിക്ക് പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. ഭവനനിർമ്മാണ പുരോഗതിയുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.അതിനാൽ ഈ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണരേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതുമാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 06/ 26.11.2018 |
| തടസ്സപ്പെടുത്തിയ തുക | 1,50,000 |

## 3-7 <u>മെഡിക്കൽ ഓഫീസർമ്മാർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതികൾ - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.</u>

ബ്ലോക്ക് പഞ്ചായത്തു പരിധിയിൽ വരുന്ന വിവിധ ആശുപത്രികളിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതികളിൽ കെ.എം.സി.എല്ലിന് നൽകിയ തുകയുള്ള മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">സ്ഥാപനം</th><th rowspan="2" colspan="2">വിശദാംശങ്ങൾ</th><th colspan="2">മരുന്ന് ലഭ്യമായവ</th><th rowspan="2">ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നുകളുടെ തുക</th></tr>
<tr><th>ഇൻവോയ്സ് നമ്പർ, തീയതി</th><th>തുക</th></tr>
<tr><td rowspan="5">താലൂക്ക് ആശുപത്രി, കടയ്ക്കൽ</td><td>പദ്ധതി നമ്പർ</td><td>18/ 2017-2018</td><td>5324/ 25.07.18</td><td>40,228</td><td rowspan="5">2,34,633</td></tr>
<tr><td>ഫണ്ട്</td><td>മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)</td><td>9171/ 27.09.18</td><td>40,226</td></tr>
<tr><td>ബിൽ നമ്പർ</td><td>സി.ബി.01/ 2017-'18 തീയതി 25.09.2017</td><td>12102/ 07.11.18</td><td>1,84,913</td></tr>
<tr><td>തുക</td><td>5,00,000</td><td rowspan="2">ആകെ</td><td rowspan="2">2,65,367</td></tr>
<tr><td colspan="2">സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കടയ്ക്കൽ</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| സി.എച്ച്.സി, വെളിനല്ലൂർ | പദ്ധതി നമ്പർ | 95/2017-2018 | 8403/ 15.01.18 | 71,566 | 2,20,424 |
| | ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 9457/ 03.02.18 | 5,000 | |
| | ബിൽ നമ്പർ | സി.ബി.01/ 2017-'18 തീയതി 19.10.2017 | 9458/ 25.06.18 | 3,010 | |
| | തുക | 3,00,000 | ആകെ | 79,576 | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെളിനല്ലൂർ | | | | |
| സി.എച്ച്.സി, നിലമേൽ | പദ്ധതി നമ്പർ | എസ്.77/2017-2018 | 2007/ 24.05.18 | 12,208 | 1,43,529 |
| | ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 327/ 24.05.18 | 3,500 | |
| | ബിൽ നമ്പർ | സി.ബി.01/ 2017-'18 തീയതി 25.09.2017 | 2078/ 26.05.18 | 4,003 | |
| | | | 2229/ 28.05.18 | 50,096 | |
| | | | 2231/ 28.05.18 | 39,369 | |
| | | | 2735/ 06.05.18 | 37,371 | |
| | തുക | 3,00,000 | 403/ 06.06.18 | 2,074 | |
| | | | 7451/ 27.08.18 | 7,621 | |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിലമേൽ | | 8105/ 06.09.18 | 229 | |
| | | | ആകെ | 1,56,471 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നും മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ

ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ഓഡിറ്റ് എൻക്വയറി നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|
| 01/2017-2018/ 21.11.2018 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെളിനല്ലൂർ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 04/2017-2018/ 24.11.2018 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കടയ്ക്കൽ | മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. |
| 09/2017-2018/ 27.11.2018 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിലമേൽ. | |

## 3-8 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല തുക തടസ്സംപ്പെടുത്തുന്നു.

2017-2018 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധനയിൽ ചുവടെ ചേർക്കുന്ന ചെലവുകൾ മതിയായ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഇനം | ബിൽ/ ചെക്ക് നമ്പർ | തുക | കാരണം |
|---|---|---|---|---|
| 1 | ശ്രീ സുഹൈൽ വി.ഇ.ഒ.യ്ക്ക് നൽകിയ | ബിൽ 04/2017-2018 തീയതി | 54,539 | ചെലവ് രേഖകൾ ഓഡിറ്റിന് |

| | | | | |
|---|---|---|---|---|
| | അഡ്വാൻസ് | 04.04.2017 ചെക്ക് നമ്പർ 9418516/ 04.04.2017 | | ഹാജ രാക്കിയിട്ടില്ല |
| 2 | ശ്രീ.ജി.അജയകുമാർ (ഇ.ഒ, പി&എം) ന് വികസന സെമിനാറിന്റെ അനുബന്ധ ചെലവുകൾക്ക് നൽകിയ മുൻകൂർ | ബിൽ 20/2017-2018 തീയതി 20.05.2017 ചെക്ക് നമ്പർ 9619632/ 20.05.2017 | 15,000 | ചെലവ് രേഖകൾ ഓഡിറ്റിന് ഹാജ രാക്കി യിട്ടില്ല |
| 3 | കുടുംബശ്രീ ഓണം ബക്രീദ് ട്രേഡ് ഫെയറായ-2017 ന് വിഹിതം നൽകി യിരിക്കുന്നു | ബിൽ 57/2017-2018 തീയതി 24.08.2017 ചെക്ക് നമ്പർ 3431754/ 24.08.2017 | 50,000 | കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജ രാക്കി യിട്ടില്ല |
| | | ആകെ | 1,19,539 | |

മേൽ വിഷയത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 1,19,539 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്യയറി 3 | 23.11.2018 |
| തടസ്സപ്പെടുത്തിയ തുക | 1,19,539 |

## 3-9 ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള 30.06.2007ലെ സർക്കാർ ഉത്തരവ് (എം.എസ്) 170/2007

പ്രകാരമാണ് അറ്റകുറ്റപണികൾ നടപ്പിലാക്കേണ്ടത്. 2017-2018 സാമ്പത്തികവർഷം നടത്തപ്പെട്ട അറ്റകുറ്റ പണികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാഹന നമ്പർ | ഇനം | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|
| കെ.എൽ 24 എ.സി. 9999 | വാഹനം അടിയന്തിരമായി അറ്റകുറ്റ പണികൾ ചെയ്യുന്നതിന് ഫീനിക്സ് ആട്ടോമൊബൈൽസിന് തുക നൽകിയിരിക്കുന്നു | ബിൽ 34/2017-2018 തീയതി 04.07.2017 ചെക്ക് നമ്പർ 341109/ 04.07.2017 | 13,360 |
| | | ബിൽ 85/2017-2018 തീയതി 09.11.2017 ചെക്ക് നമ്പർ 19516588/ 09.11.2017 | 20,095 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടെയും 2,000 രൂപയിൽ അധികം വരുന്നതും 10,000 രൂപയിൽ അധികമാകാത്തതുമായ അറ്റകുറ്റപണികൾ സർക്കാരിന്റെ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി നിർവ്വഹിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതും 10,000 രൂപയിൽ അധികമായ എല്ലാ സംഗതികളിലും ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യേണ്ടതുമാണ്.

അറ്റകുറ്റപണികൾ സർക്കാരിന്റെ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന ആണോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

| ഓഡിറ്റ് എൻക്വയറി നമ്പർ | 3/ 23.11.2018 |
|---|---|

## 3-10 വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ക്ഷീര വികസന ഓഫീസർ, നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി എന്ന സംയുക്ത പദ്ധതിക്ക് ചെലവഴിച്ച തുകയുടെ പൂർണ്ണമായ വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം-25/18 പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി സംഘങ്ങൾ വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇൻസെൻററീവ് നൽകുന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 1/17-18/24-10-2017 പ്രകാരം 2,00,000/-രൂപ ചടയമംഗലം ഗ്രാമപഞ്ചായത്തിനും ബിൽനം-2/17-18/24-10-2017 പ്രകാരം 11,00,000/-രൂപ ഇട്ടിവ,വെളിനെല്ലൂർ ഗ്രാമപഞ്ചായത്തുകൾക്കും ബിൽ 03/17-18/18-11-2017 പ്രകാരം 7,00,000/-രൂപ ഇളമാട്,കടക്കൽ, ചിതറ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിരുന്നു.അതിൽ വെളിനെല്ലൂർ,കടക്കൽ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം നൽകിയ തുകകൾ 6,00,000/-, 1,00,000/- എന്നിവയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്നറിയിച്ചു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം-8/26-11-2018) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെടുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ടി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 7,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഫണ്ട് വിവരം വ്യക്തമാക്കി വേർതിരിച്ച് ലഭ്യമാക്കിയിട്ടില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തി യുടെ പേര് | ബിൽ നമ്പർ/ | മുൻക്കൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, കൊല്ലം | കൊച്ചരിപ്പ സൊസെറ്റി ജംഗ്ഷൻ കുടി വെള്ള പദ്ധതി-23/18 | 4/17-18 /13-03-2018 | 353556 | ചെല വഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല .ആയ തിനാൽ അവശേഷിക്കുന്ന തുകയുടെ വിവരവും ലഭ്യമല്ല | |
| | നിലമേൽ പഞ്ചായത്തിലെ പുലിക്കോട് കോളനി കുടിവെള്ള പദ്ധതി-24/18 | 2/17-18 /10-07-2017 | 2,50,000 | | |
| | നിലമേൽ പഞ്ചായത്തിലെ വണ്ടിപ്പുര ചൂരേലിക്കോണം മിനി കുടി വെള്ള പദ്ധതി -24/17-18 | 03/17-18 /10-07-2017 | 2,50,000 | | |
| | എസ്,സി കോളനി കുടിവെള്ള പദ്ധതി 80/17-18 | 18/17-18 /14-11-2017<br>39/17-18 /1303-2018<br>42/17-18 /13-03-2018 | 60,000<br>12,00,000<br>6,00,000 | | |

| | | | | |
|---|---|---|---|---|
| | കൊച്ചരിപ്പ കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റ ൻഷൻ – 111/17-18 | 42/17-18 /23-02-2018 | 85,714 | |
| കേരള വാട്ടർ അതോ റിട്ടി, കൊട്ടാ രക്കര | എസ്.സി. കോളനി കളിൽ കടിവെള്ള പദ്ധതി -127/17-18 | 44/17-18 /15-03-2018 | 11,00,000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാ രംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായി രുന്ന തുക | തൻ വർഷം തിരി ച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ. വൈ ഭവന വായ്പ | സ.ഉ (കൈ)നം- 193/13 /ത.സ്വ.ഭ.വ- 24-05-2013 | 12,54,65,354 | 78,50,631 | 63,99,000 | 1,52,164 | 14,51,631 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 29 | 2004-05 | II-14 | സമഗ്ര നെൽ കൃഷി വികസനം- പവർ ടില്ലറും കൊയ്ത്ത് യന്ത്രവും പ്രയോജന രഹിത മാക്കി | ലഭ്യമല്ല |
| 1998-99 | 30 | 2004-05 | II-10 | പമ്പ് സെറ്റ് പാടശേഖ രങ്ങളി ലേക്ക് വിതരണം ചെയ്തില്ല | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,68,27,090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 18,73,97,548 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,33,41,346 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 98,39,270 | ശ്രീ. ബാലചന്ദ്രൻ നായർ, സെക്രട്ടറി,<br>ചടയമംഗലം<br>ബ്ലോക്ക്<br>പഞ്ചായത്ത് |
| 3-2 | 16,22,537 | ശ്രീ. എം.എസ്.ബിജു.,<br>വ്യവസായ<br>വികസന<br>ഓഫീസർ,<br>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| 3-4 | 6,00,000 | ശ്രീ. ബാലചന്ദ്രൻ നായർ, സെക്രട്ടറി,<br>ചടയമംഗലം<br>ബ്ലോക്ക് പഞ്ചായത്ത് |
| 3-5 | 3,10,000 | ഡോ.ഡിരാജ് കോട്ടൂർ., മെഡിക്കൽ<br>ഓഫീസർ,<br>സി.എച്ച്.സി,<br>നിലമേൽ |
| 3-6 | 1,50,000 | ശ്രീ. ജോൺ മാത്യു., പട്ടികജാതി<br>വികസന ഓഫീസർ,<br>ചടയമംഗലം<br>ബ്ലോക്ക് പഞ്ചായത്ത് |
| 3-8 | 1,19,539 | ശ്രീ. ബാലചന്ദ്രൻ നായർ, സെക്രട്ടറി,<br>ചടയമംഗലം<br>ബ്ലോക്ക് പഞ്ചായത്ത് |
| 3-10 | 7,00,000 | ശ്രീമതി.പൗർണ്ണമി.സി<br>ക്ഷീരവികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി-1535(14)/14/08-07-14 |
| 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി-1535(13)/14/08-07-14 |
| 2000-01 | എൽ.എഫ്.ക്യൂ.ഡി.ബി-1535(11)/14/08-07-14 |
| 2001-02 | എൽ.എഫ്.ക്യൂ.ഡി.ബി-1535(10)/14/08-07-14 |
| 2002-03 | എൽ.എഫ്.ക്യൂ.ഡി.ബി-1535(9)/14/08-07-14 |
| 2003-04 | എൽ.എഫ്.ക്യൂ.ഡി.ബി-1535(8)/14/08-07-14 |
| 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി-1535(7)/14/09-07-14 |
| 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി-1535(6)/14/09-07-14 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി-1535(5)/14/09-07-14 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-1535(4)/14/09-07-14 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-1535(3)/14/09-07-14 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1535(2)/14/09-07-14 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1535(1)/14/09-07-14 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-370/14/ 16-09-14 |

| | |
|---|---|
| 2012-13<br>&2013-14 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-1519/15/16-11-15 |
| 2014-15<br>&2015-16 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-530/17/22-03-2027 |
| 2016-17 | കെ.എസ്.എകെ.എൽ.എം-പി-3/1953/2017/17-11-2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ്സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം പി.3/1938/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം
ഫോൺ. 0474-2740141
തീയതി- 28-2-19

### സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18-ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഫീസ്,കൊല്ലം